"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം -ഡി.പി.സി.യിൽ ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു)വകുപ്പ്**

സ.ഉ.(സാധാ) നം.1373/2025/LSGD തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:-

1. 27.10.2022 ലെ സ.ഉ പി) 74/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 15-03-2024ലെ സ.ഉ.(സാധാ) നം.608/2024/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22-08-2024, 04.02.2025 തിയതികളിലെ LSGD/PD/11970/2024-DEA1 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലേക്ക് ഡി.പി.സി നടപടിക്രമത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് പ്രൊമോഷൻ നടത്തുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിലേയ്ക്കായി, പരാമർശം (3) പ്രകാരം, പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശയോടെ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു.

2) 1994 ലെ Kerala Municipality Act പ്രകാരം Municipal service ൽ ഉൾപ്പെട്ടിരുന്ന ജീവനക്കാർ സർക്കാർ ജീവനക്കാരായിരുന്നില്ല. അവരെ പ്രത്യേക വിഭാഗമായാണ് കണക്കാക്കിയിരുന്നത്. മുനിസിപ്പൽ ആക്ടിന്റെ ഭേദഗതി നിലവിൽ വന്നതോടെയും പരാമർശം (1) പ്രകാരം ഏകീകൃത തദ്ദേശ സ്വയംഭരണ സർവ്വീസ് Special Rule നിലവിൽ വന്നതോടെയും മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് Special Rule-ൽ(Kerala Municipal Common Service (Ministerial and revenue branch qualification and method of appointment rules, 2001) ഉൾപ്പെട്ടിരുന്ന ഡെപ്യൂട്ടി സെക്രട്ടറി തസ്തിക ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതും, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകയ്ക്ക് തുല്യമാക്കിയിട്ടുള്ളതുമാണ്. മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്ക് സെലക്ഷൻ പ്രോസസ് ബാധകമായിരുന്നില്ല. ആയതിനാൽ തന്നെ ഡി.പി.സി യോഗം ചേരുകയോ, സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയോ ചെയ്തിരുന്നില്ല. ഡി.പി.സി യോഗം ചേർന്ന് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് മുൻ 3 കലണ്ടർ വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഡി.പി.സി മുമ്പാകെ ഹാജരാക്കേണ്ടതുണ്ട്. മുൻസിപ്പൽ കോമൺ സർവ്വീസിൽ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് ഡിപിസി ചേരുകയോ സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ തന്നെ മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് വകുപ്പിലെ Revenue Officer Grade | / Personal Assistant to Secretary/Secretary to Council/ Accounts Officer എന്നീ തസ്തികകളിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭ്യമാക്കിയിരുന്നില്ല.

3) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് ചട്ടങ്ങൾ ചട്ടം 12 പ്രകാരം വകുപ്പ് ഏകീകരണ സമയത്ത് നിലവിലുണ്ടായിരുന്ന എല്ലാ ജീവനക്കാർക്കും അവർക്ക് വകുപ്പ് ഏകീകരണത്തിന് മുൻപ് മാതൃ വകുപ്പുകളിൽ ലഭിക്കുമായിരുന്ന എല്ലാ സ്ഥാനക്കയറ്റ അവകാശങ്ങളും സംരക്ഷിച്ച് നൽകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പരിഗണിച്ച് മുനിസിപ്പൽ കോമൺ സർവ്വീസിലെ Clean City Manager, Revenue Officer Grade | / Personal Assistant to Secretary/Secretary to Council/ Accounts Officer, Public Health

Officer Gr I, Public Health Officer Gr II എന്നീ തസ്തികളിലേക്ക് പ്രൊമോഷന് പൊതു ചട്ടങ്ങൾ പ്രകാരവും വിശേഷാൽ ചട്ടങ്ങൾ പ്രകാരമുള്ള മറ്റു നിബന്ധനകൾ പാലിച്ചുകൊണ്ടും പരമാവധി മൂന്ന് വർഷ കാലയളവിലേക്ക് DPC നടപടിക്രമത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് പ്രൊമോഷൻ നടത്തുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സമാനമായി ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലേക്ക് ഡി.പി.സി നടപടിക്രമത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് പ്രൊമോഷൻ നടത്തുന്നതിന് അനുമതി നൽകണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തിക തദ്ദേശ സ്വയം ഭരണ സംസ്ഥാന സർവീസ് വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് കെ.എസ്&.എസ്.എസ്.ആർ, ഭാഗം-2, ചട്ടം-28(b) (i) -ലെ വ്യവസ്ഥകൾ പ്രകാരം, ഡി.പി.സി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതു ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. പ്രസ്തുത ചട്ടത്തിന് താഴെയുള്ള sub-clause(4)-പ്രകാരം മെറിറ്റ് വിലയിരുത്തേണ്ടത് CR-ന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നും ആയതിലേക്ക് കുറഞ്ഞത് മൂന്ന് വർഷത്തെ CR-കൾ ഡി.പി.സിക്ക് ലഭ്യമാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. മുനിസിപ്പൽ കോമൺ സർവീസിൽ പ്രസ്തുത തസ്തികയിലേക്ക് ഡിപിസി ചേരുകയോ select list തയ്യാറാക്കുകയോ ചെയ്തിരുന്നില്ല എന്നും CR-കൾ ലഭ്യമല്ലാത്തതാണെന്നുമുള്ള നിരീക്ഷണങ്ങൾ കണക്കിലെടുത്ത് ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലേക്കുള്ള പ്രൊമോഷന് പൊതുചട്ടങ്ങൾ പ്രകാരവും വിശേഷാൽ ചട്ടങ്ങൾ പ്രകാരമുള്ള മറ്റു നിബന്ധനകൾ പാലിച്ചുകൊണ്ടും പരമാവധി മൂന്ന് വർഷ കാലയളവിലേക്ക് (2023 മുതലുള്ള കലണ്ടർ വർഷം) ഡി.പി.സി നടപടിക്രമത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് പ്രൊമോഷൻ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തൃശ്ശൂർ,
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ/

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 03-06-2025 16:57:01
സെക്ഷൻ ഓഫീസർ